ജോർജിയൻ

കുഴിമറ്റം സെന്റ് ജോർജ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 8 | ലക്കം 3 | സെപ്റ്റംബർ - നവംബർ 2004 | പേജ് 4

ജനനായകന് ജോർജിയന്റെ അഭിവാദ്യങ്ങൾ



കേരളാ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി

ഗബ്രിയേൽ റമ്പാന് സ്വീകരണം

യുവജനപ്രസ്ഥാനത്തിന്റെ ഉപഹാരം ഫാ. ജയ് സഖറിയ നിയുക്ത മെത്രാനും മുൻ വികാരിയുമായ കെ. ജെ. ഗബ്രിയേൽ റമ്പാന് സമർപ്പിക്കുന്നു.

ജോർജിയൻ പ്രകാശനം

ജോർജിയന്റെ 'ജൂൺ- ഓഗസ്റ്റ്' ലക്കത്തിന്റെ പ്രകാശനം ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി ആദ്യ കോപ്പി യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു.

ഒരു നിമിഷം

ജോർജിയനെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒപ്പം ഡിസംബർ ലക്കത്തിലേക്കുള്ള സൃഷ്ടികളും ഞങ്ങൾക്ക് അയയ്ക്കുക.

എഡിറ്റർ
ജോർജിയൻ
സെന്റ്: ജോർജ് ഓർത്തഡോക്സ്
യുവജനപ്രസ്ഥാനം
കുഴിമറ്റം പി. ഒ. കോട്ടയം - 686533

പരിശുദ്ധന്റെ ജീവിതം നൽകുന്ന സന്ദേശം

ഫാ. ജയ് സഖറിയാ

താപസശ്രേഷ്ഠനും, ഗുരുഭക്തനും, വിദ്യാഭ്യാസം, പിന്നോക്കക്കാരുടെ ഉന്നമനം, ലോകവീക്ഷണം തുടങ്ങിയ കാര്യങ്ങളിൽ ദീർഘദർശിയുമായിരുന്ന പരിശുദ്ധനായ പരുമല തിരുമേനിയുടെ 102-ാം ഓർമ്മ പെരുന്നാൾ നാം ആചരിച്ചു കഴിഞ്ഞിരിക്കുകയാണ്. ഓരോ വർഷവും തീർത്ഥാടകരുടെയും ഭക്തരുടെയും എണ്ണം വർദ്ധിക്കുന്നു. വിവിധ മത ദർശനങ്ങളിൽ അംഗങ്ങളായവരും പരിശുദ്ധന്റെ കബറിടത്തിൽ വിശ്വാസപൂർവ്വം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. സഭ പ്രശ്നങ്ങളാൽ നീറുമ്പോഴും സഭാമക്കൾ മറക്കേണ്ടത് മറന്ന് കബറിങ്കൽ പ്രാർത്ഥന നടത്തുന്നു. ഒരു വശത്ത് ഈ സത്യം നമ്മെ ധൈര്യപ്പെടുത്തുമ്പോൾ മറുവശത്ത് അസത്യം വേദപുസ്തകാനുസരണം എന്ന ഭംഗിവാക്കിൽ ആവരണം ചെയ്ത് സ്വാർത്ഥ താല്പര്യത്തോടും സൂത്രബുദ്ധിയോടും പണമോഹത്തോടും കൂടി ആധുനിക ആത്മീയതയായി സത്യത്തെ ക്രൂശിക്കുന്നത് എന്തുകൊണ്ട്? ഈ സമ്മർദ്ദത്തിന്റെ നടുവിൽ പലരും നട്ടം തിരിയുന്നു. ഒരു ചോദ്യം നമ്മെ ചിന്തിപ്പിക്കുന്നു. പരുമല തിരുമേനി ഇന്ന് ജീവിച്ചിരിക്കുന്നുവോ? പലരും പലതും ഉത്തരം നൽകും. നമുക്ക് യേശുക്രിസ്തുവിന്റെ വാക്കുകൾ ശ്രവിയ്ക്കാം സ്വീകരിക്കാം. യോഹന്നാൻ 11: 25-26. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല. ഒരു ക്രിസ്ത്യാനി ഇത് അംഗീകരിക്കണം. ഇത് നിഷേധിക്കുന്നവർ ക്രിസ്ത്യാനിയാണെന്ന് ഘോഷിച്ചാലും ക്രിസ്ത്യാനിയാകുകയില്ല എന്ന് ഓർക്കുക. ഇന്നും ജീവിക്കുന്ന ഒരു ശ്രേഷ്ഠ ഗുരുവിന്റെ, പിതാവിന്റെ, മഹാപുരോഹിതന്റെ അടുക്കൽ ത്യാഗാനുഭവത്തോട് കൂടി ചെല്ലുന്ന മക്കളെ അവിടുന്ന് മറക്കുമോ, മുഖം തിരിക്കുമോ, ആശ്വസിപ്പിക്കാതിരിക്കുമോ, അനുഗ്രഹിക്കാതിരിക്കുമോ? ചിന്തിക്കുക.... പരുമല തിരുമേനിയുടെ 53 വർഷത്തെ ദൃശ്യാവസ്ഥയും 102 വർഷത്തെ അദൃശ്യാവസ്ഥയും വിശകലനം ചെയ്താൽ ഉണർവുള്ളവർക്ക് (സുബോധമുള്ളവർക്ക്, തിരിച്ചറിവുള്ളവർക്ക്) പരിശുദ്ധന്റെ സ്ഥാനം വ്യക്തമാകും.

പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥത വഴിയായി അനുഗ്രഹങ്ങൾ ചൊരിയുന്നതിനെകുറിച്ചും അനേകർ ആശ്വാസം അനുഭവിക്കുന്നതിനെകുറിച്ചും ചിന്തിച്ചാൽ യേശുക്രിസ്തുവിന്റെ മറ്റൊരു വാക്ക് നമ്മെ ധൈര്യപ്പെടുത്തും. യോഹ. 7:38. എന്നെ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവ ജലത്തിന്റെ നദികൾ ഒഴുകും. (പരു) മലയിൽ നിന്നും ഉൽഭവിക്കുന്ന ജീവ ജല അരുവി ഗ്രാമങ്ങളിൽ കൂടിയും, നഗരങ്ങളിൽ കൂടിയും ഒഴുകി കേരളത്തിനകത്തും പുറത്തും ഭാരതത്തിനു പുറത്തും ഒഴുകി നദിയായി തീർന്നിരിക്കുന്നു.

അത്ഭുതങ്ങളും അടയാളങ്ങളും മാത്രമാണ് ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം എന്ന് പഠിപ്പിക്കുന്നവർക്കും അത് വിശ്വസിക്കുന്നവർക്കും പ. പരുമല തിരുമേനി എന്നും അന്യനാണ്. പിതാവിനും പുത്രനും, പരിശുദ്ധ റൂഹായ്ക്കും മാത്രം സ്തുതി എന്ന് ജീവിതത്തിൽ കൂടി തെളിയിച്ച താപസ ശ്രേഷ്ഠനാണ് പ. പരുമല തിരുമേനി. സ്തുതി ആഗ്രഹിക്കുന്നവരും അതിനായി പരിശ്രമിക്കുന്നവരും അക്കാരണത്താൽ പ. പരുമല തിരുമേനിയെ നിഷേധിക്കുന്നു. സത്യത്തെ മൂടുവാൻ ഏത് വലിയ കല്ല് ഉരുട്ടി വച്ചാലും ആ കല്ലുകൾ നീങ്ങി സത്യം ഉയിർക്കും എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

മലങ്കരസഭയുടെ മക്കൾക്ക് ഈ പരിശുദ്ധന്റെ ജീവിതസന്ദേശം, ഇന്ന് ലോകത്തിന് നൽകുവാൻ കടമയുണ്ട്. ആ ദൗത്യത്തിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ആർക്കും അവകാശമില്ല. പൗരോഹിത്യ സ്ഥാനികൾക്ക് കൂടുതൽ കടപ്പാട് ഉണ്ട് എന്നും ഓർക്കാം. വൈദിക അൽമായ ബന്ധം ക്രിസ്തുവാകുന്ന പാറയുടെ മുകളിൽ പണിയുന്ന ഭവനത്തിന്റെ ശീലകളായി തീരട്ടെ. ശീലകളിൽ വിള്ളൽ വീണാൽ ഭവനത്തിന്റെ ഭാവി അപകടപൂർണ്ണമായ അവസ്ഥയിലേക്ക് നീങ്ങും എന്ന് നമുക്ക് മനസ്സിലാക്കാം. പ. തിരുമേനിയുടെ ഓർമ്മ പെരുന്നാൾ ആചരണം ഏവരെയും ത്യാഗ - താപസ്സ ജീവിതത്തിനായി ഒരുക്കട്ടെ. ഭവനങ്ങളും അനുഗ്രഹിക്കപ്പെടട്ടെ.

❑

ഭിന്നിപ്പിക്കാൻ ഒരു സന്ദർശനം

രാജ് ഫിലിപ്പ് മുതലകേരിൽ

അന്ത്യോഖ്യൻ ഓർത്തഡോക്സ്സഭയുടെ പരമാദ്ധ്യക്ഷൻ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ മൂന്നാമതും മലങ്കര സന്ദർശനം പൂർത്തിയാക്കി. സഭാ യോജിപ്പിനുള്ള സാധ്യതകൾ നിലവിലിരിക്കെ ഓർത്തഡോക്സ് സഭയെ മാതൃസഭയിൽ നിന്നും വിട്ടുപോയ വിഭാഗമായി പ്രഖ്യാപിച്ച്, ഒരേ പാരമ്പര്യത്തിന്റെയും ഒരേ വിശ്വാസത്തിന്റെയും അവകാശികളെ എന്നന്നേക്കുമായി വേർപിരിച്ചത് സഭാ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി ഇനി എഴുതിച്ചേർക്കാം.

മുൻപ് മലങ്കര സഭയിൽ നിന്നും മാർത്തോമ്മാ ഉൾപ്പെടെയുള്ള സഭകൾ പിരിഞ്ഞുപോയപ്പോഴും കോടതി കേസുകളും വാശി പ്രകടനങ്ങളും ഉണ്ടായിരുന്നു. ആ വഴക്കിൽ വിശ്വാസ വ്യത്യാസങ്ങൾ പിരിയുന്നതിനുള്ള പശ്ചാത്തലം സൃഷ്ടിച്ചുവെങ്കിൽ ഓർത്തഡോക്സ് പക്ഷവും യാക്കോബായ പക്ഷവും തമ്മിലുള്ള ഭിന്നതയ്ക്കു കാരണം വിശ്വാസപരമോ വേദശാസ്ത്രപരമോ ആയതർക്കങ്ങൾ ആയിരുന്നില്ല. അധികാര മേൽക്കോയ്മ ആർക്ക് എന്നതും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കര സഭയുടെ ഭരണത്തിൻമേലുള്ള അനധികൃത കൈകടത്തലുകളും ആയിരുന്നു വിഷയങ്ങൾ.

പുരാതന റോമാ സാമ്രാജ്യത്തിന്റെ തല സ്ഥാനമായിരുന്നു അന്ത്യോഖ്യാ. അപ്പോസ്തോലിക കാലഘട്ടത്തിൽ തന്നെ അന്ത്യോഖ്യായിൽ ക്രൈസ്തവ സഭ സ്ഥാപിക്കപ്പെട്ടു. 'ക്രിസ്ത്യാനികൾ' എന്ന പേര് ആദ്യമായി ലഭിക്കുന്നത് ഈ സ്ഥലത്തുവച്ചാണ് (അപ്പോ. പ്ര. 11:26). അന്ത്യോഖ്യൻ പട്ടണത്തിൽ ഗ്രീക്ക് ഭാഷയും യവന സംസ്കാരവും നിലനിന്നുവെങ്കിൽ പുറത്ത് സുറിയാനി സഭയും ശേമ്യ സംസ്കാരവും നിലവിലിരുന്നു. നിഖ്യാ സുന്നഹദോസിൽ റോമാ സാമ്രാജ്യത്തിന്റെ നാലുഭാഗങ്ങളിലെ എപ്പിസ്കോപ്പാമാരെ പാത്രിയർക്കീസന്മാരായി പ്രഖ്യാപിച്ചു. അതിൽ കിഴക്കൊക്കെയിലും അധികാരമുള്ളത് അന്ത്യോക്യൻ പാത്രിയർക്കീസിനായിരിക്കണം എന്ന് ബാർ എബ്രായ ഹൃദായ കാനോനിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാത്രിയർക്കീസ് അഥവാ പ്രധാന പിതാവ് എന്ന നാമധേയം അഞ്ചാം നൂറ്റാണ്ടിനു ശേഷമാണ് പ്രയോഗത്തിൽ എത്തിയത്. കിഴക്കൊക്കെയും Antioch and all the east എന്ന ഒരു പ്രൊവിൻസ് റോമാ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുമ്പോഴും അതിൽ മലയാളനാട് ഉൾപ്പെടും എന്ന അവകാശവാദവും പാത്രിയർക്കീസ് എന്ന നാമധേയം പോലും ഇല്ലാതിരുന്ന കാലഘട്ടത്തിൽ അദ്ദേഹം അയച്ചു എന്ന് അവകാശപ്പെടുന്ന സിറി

(ശേഷം 2 - ാം പേജിൽ)

Pattasseril Candles

Chingavanam

പള്ളിത്തിരി, ചെറിയതിരി, സാമ്പ്രാണി, കുന്തിരിക്കം എന്നിവ മൊത്തമായും ചില്ലറയായും വിൽക്കപ്പെടുന്നു.

Achankunju, Vazhachira

ജോർജിയൻ നാഴികക്കല്ല് പിന്നിടുന്നു

ജോർജിയന്റെ 'സെപ്റ്റംബർ - നവംബർ' ലക്കം പരിശുദ്ധ പരുമല തിരുമേനിയുടെ 102-ാം ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. ജോർജിയന്റെ പ്രയാണത്തിൽ ഇതിനോടു സഹകരിച്ച ഏവരോടും നന്ദി അറിയിക്കുന്നു.

'ജോർജിയൻ' ഒരു സുപ്രധാന നാഴികക്കല്ല് പിന്നിടുകയാണ്. 1867 ലെ പ്രസ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്ക് ആക്ട് പ്രകാരം ഇന്ത്യ ഗവൺമെന്റിന്റെ ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് വകുപ്പിൻ കീഴിലുള്ള ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസ് വകുപ്പിൻ കീഴിലുള്ള ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസ് 'ജോർ ജ്ജിയൻ' എന്ന പേരിൽ മാസിക രജിസ്റ്റർ ചെയ്ത് പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകിയിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കകം രജിസ്ട്രേഷന്റെ നടപടികൾ പൂർത്തിയാകും. കേവലം ഒരു ഇടവകപത്രിക എന്നതിൽ നിന്നുള്ള ജോർജിയന്റെ ഈ വളർച്ചയിൽ നമുക്ക് അഭിമാനിക്കാം.

2003 സെപ്റ്റംബറിൽ ജോർജിയൻ പ്രിന്റ് ചെയ്ത് പ്രസിദ്ധീകരണം ആരംഭിച്ചതു മുതൽ ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണം മൂലം എല്ലാ ലക്കവും മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സെപ്റ്റം ബർ ലക്കം ജോർജിയന്റെ പ്രകാശനം നിർവ്വഹിച്ച നമ്മുടെ പ്രിയപ്പെട്ട എം. എൽ. എ. ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. ജോർജ്ജിയനെയും യുവജനപ്രസ്ഥാനത്തെയും അഭിനന്ദിച്ചു കൊണ്ട് അദ്ദേഹം സന്ദർശക ഡയറിയിൽ എഴുതിയ വാക്കുകൾ ഞങ്ങൾക്ക് ഏറെ പ്രചോദനമായിട്ടുണ്ട്. അദ്ദേഹത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പതിവു പോലെ ജോർജിയന്റെ ഈ ലക്കവും വിഭവങ്ങളാൽ സമ്പന്നമാണ്. ജോർജിയന്റെ ഇതളുകൾ കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തേണ്ടിയിരിക്കുന്നു.

ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും നോമ്പുകൾ ആരംഭിക്കുകയാണ്. യേശുവിന്റെ ജന്മദിനം ആഘോഷിക്കുവാൻ ലോകം ഒരുങ്ങുകയാണ്. യുവജനപ്രസ്ഥാനം ക്രിസ്മസിനോടനുബന്ധിച്ച് നടത്തുന്ന 'ഹെവൻലി നൈറ്റ്' ഇത്തവണ **ഡിസംബർ 26** നാണ്. പരിപാടിയുടെ വിജയത്തിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ഏവർ ക്കും ക്രിസ്മസ് പുതുവത്സര ആശംസകൾ നേർന്നു കൊണ്ട് വിലയിരുത്തലിനായി ജോർജിയൻ സമർപ്പിക്കുന്നു.

നിങ്ങളുടെ,

രഞ്ജു കെ. മാത്യു
(എഡിറ്റർ)

ജോർജിയൻ

രക്ഷാധികാരി
ഫാ. ജയ് സഖറിയ

എഡിറ്റർ
രഞ്ജു കെ. മാത്യു
കരോട്ട് പുത്തൻ പുരയ്ക്കൽ

എഡിറ്റോറിയൽ ബോർഡ്
ജേക്കബ് സി. കുര്യാക്കോസ് (ചിറപ്പുറം), ഹാൻസ് ബാബു (പട്ടശ്ശേരിൽ), സി. ആർ. ഗീവർഗീസ് (ചിറപ്പുറം), വിശാൽ അലക്സ് (മോടിശ്ശേരിൽ)

ലേഖനം

ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വന്നാൽ....?

വർഗീസ് ജോൺ തോട്ടപ്പുഴ

ദുഃഖവെള്ളിയാഴ്ച വിശുദ്ധ കുർബാന അർപ്പിക്കാൻ പാടില്ല എന്നാണല്ലോ സഭയുടെ പാരമ്പര്യം. എന്നാൽ അന്നു വചനിപ്പു പെരുന്നാൾ (മാർച്ച് 25) വന്നാൽ വി. കുർബാന കഴിഞ്ഞേ ദുഃഖവെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ നടത്തുകയുള്ളു. അത്യപൂർവമായി മാത്രമേ ഇവ ഒരുമിച്ചു വരാറുള്ളൂ.

അമ്പത്തിയഞ്ചു വർഷത്തെ ഇടവേളയ്ക്കുശേഷം 2005 മാർച്ച് 25 ന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വരികയാണ്. മലങ്കര സുറിയാനി സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതിനുശേഷം ആദ്യമായിട്ടാണ് ഇതു സംഭവിക്കുന്നത്. പതിനൊന്നു വർഷം കഴിഞ്ഞ് 2016 ൽ ഇങ്ങനെ വരും. അതിനുശേഷം 2157 ൽ മാത്രമേ ഇതു സംഭവിക്കുകയുള്ളു. അതു കഴിഞ്ഞ് 2168, 2214, 2225, 2236 തുടങ്ങിയ വർഷങ്ങളിലും വരും.

ഇതിനുമുമ്പ് 1950 ഏപ്രിൽ ഏഴിനാണ് ഇവ ഒരുമിച്ചുവന്നത്. മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി) സ്വീകരിക്കുന്നതു (1953) വരെ ഓദോർ (സുറിയാനി കണക്കിന് മീനം) 25 നായിരുന്നു വചനിപ്പു പെരുന്നാൾ. അതുകൊണ്ടാണ് അതിനുമുമ്പ് ഏപ്രിൽ ഏഴിന് ഈ പെരുന്നാൾ ആചരിച്ചിരുന്നത്. 19-ാം നൂറ്റാണ്ടിൽ ഏപ്രിൽ ആറിനും 18 - ാം നൂറ്റാണ്ടിൽ ഏപ്രിൽ അഞ്ചിനും 17 - ാം നൂറ്റാണ്ടിൽ ഏപ്രിൽ നാലിനുമാണ് ഇതു വന്നിരുന്നത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള പഴയ രീതി പ്രകാരം തീയതി കണക്കാക്കുന്നതാണ് കാരണം.

ഈ വിശേഷദിവസങ്ങൾ ഒരുമിച്ചുവന്ന അവസരങ്ങളിൽ ഇവ എങ്ങനെ ആചരിച്ചു എന്നറിയുന്നത് വിജ്ഞാനപ്രദമായിരിക്കുമെന്ന് കരുതിയാണ് ഈ ലേഖനം തയ്യാറാക്കിയത്.

ചാത്തന്നൂർ സെന്റ് ജോർജ് പള്ളിയുടെ തെക്കേ ഭിത്തിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇരുനൂറിലധികം വർഷം പഴക്കമുള്ള ഒരു പഞ്ചാംഗത്തിൽ ഇപ്രകാരം കാണുന്നു.

"അൻപതു നുയംപിൽ ചനിയാഴിച്ചയും ഞായറാഴിച്ചയും കാലത്തെ കൊറുവാന ചൊല്ലാമെന്നും നുയമ്പിൻറെ പാതിക്കും നാല്പതിനും പിസഹായിക്കും ദുഖചനിയാഴിച്ചക്കും 22 1/2 നാഴിക പുലരുംപോൾ കുറുവാന പിരിയണമെന്നും വചനിച്ച പെരുന്നാൾക്കു കാലത്തെ ചൊല്ലാമെന്നും ദുഖവെള്ളിയാഴിച്ച ഇപ്പെരുനാൾ വന്നുവെംകിൽ കാലത്തെ രഹസ്യത്തിൽ കുറുവാന ചൊല്ലെച്ചു ഉച്ച നമസ്കാരവും കുരിശു കുംപിടീലും കഴിക്കണമെന്നും അല്ലാതെ നുയംപിൽ കുറുവാന ചൊല്ലരുതന്നും യാക്കോബായക്കാരായ നമ്മെ നമ്മുടെ വാവാമ്മാരു പടിപ്പിച്ചത....."

18 - ാം നൂറ്റാണ്ടിൽ 1771 ലും 1782 ലും ഏപ്രിൽ അഞ്ചിന് ഇവ ഒരുമിച്ചു വന്നതിന്റെ പശ്ചാത്തലത്തിൽ 1797ലാണ് ഇതു രേഖപ്പെടുത്തിയിരിക്കുന്നതെന്നു കരുതാം. അതിനു മുമ്പ് 1597, 1608, 1687, 1692 എന്നീ വർഷങ്ങളിൽ ഏപ്രിൽ നാലിന് ഇവ ഒരുമിച്ചു വന്നിട്ടുണ്ട്. 19 - ാം നൂറ്റാണ്ടിൽ 1855, 1866, 1877 എന്നീ വർഷങ്ങളിൽ ഏപ്രിൽ ആറിന് ദുഃഖവെള്ളിയാഴ്ചയും വചനിപ്പു പെരുന്നാളും ഒരുമിച്ചു വന്നിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിൽ 1939 ലും 1950 ലും ഇങ്ങനെ വന്നിട്ടുണ്ട്. 1939 ഏപ്രിൽ ഏഴിന് ഈ വിശേഷദിവസങ്ങൾ ഒരുമിച്ചു വന്നപ്പോൾ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായും പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായും കല്പനകൾ പുറപ്പെടുവിച്ചു.

1950 ഏപ്രിൽ ഏഴിന് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ പുത്തൻകാവു പള്ളിയിൽ ഈ വിശേഷദിവസങ്ങൾ ഒരുമിച്ച് ആചരിച്ചതിനെപ്പറ്റി അദ്ദേഹത്തിന്റെ ഡയറിയിൽ ഇപ്രകാരം കാണുന്നുണ്ട്: "സൂബോറൊ പ്രമാണിച്ച് വെളുപ്പിന് വി. കുർബ്ബാന അർപ്പിച്ചു. 8 മണിക്കു ദുഃഖവെള്ളിയാഴ്ചയുടെ നമസ്കാരവും മറ്റും ആരംഭിച്ചു. ശുശ്രൂഷകൾക്കുശേഷം 5 മണിയോടുകൂടി എല്ലാം അവസാനിച്ചു."

വചനിപ്പു പെരുന്നാൾ മിക്ക വർഷവും വലിയ നോമ്പിൽ വരുമെങ്കിലും അപൂർവമായി മറിച്ചും സംഭവിക്കാം. 1885, 1896, 1915, 1942, (1953) എന്നീ വർഷങ്ങളിൽ ഈ പെരുന്നാൾ വലിയ നോമ്പിൽ വന്നില്ല. 2008ലും ഇത് ആവർത്തിക്കും. ആ

(ശേഷം 3 - ാം പേജിൽ)

ഭിന്നിപ്പിക്കാനൊരു....

(ഒന്നാം പേജിൽ നിന്നും തുടർച്ച)

യൻ കുടിയേറ്റവും ചരിത്രപരമായ വൈരുദ്ധ്യങ്ങൾ മാത്രമാണ്.

15-ാം നൂറ്റാണ്ട് വരെ ഇവിടുത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ തദ്ദേശ രാഷ്ട്രത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും യോജിച്ച് ക്രൈസ്തവസാക്ഷ്യം നൽകി ജീവിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളെ, മത കോളനിവൽക്കരണത്തിലൂടെ റോമൻ കത്തോലിക്കാ സഭയുടെ കീഴിലാക്കുവാൻ ശ്രമിച്ച വിദേശ മേലാളിത്തത്തെ അതിജീവിച്ച പൂർവ്വപിതാക്കൻമാർ മട്ടാഞ്ചേരിയിലെ കുരിശിൽ അലത്ത് കെട്ടി ശപഥം ചെയ്തത്, റോമൻ കത്തോലിക്കാ സഭയുമായുള്ള ബന്ധത്തിൽ നിന്നും മാറി അന്ത്യോഖ്യൻ സുറിയാനി സഭയുമായി ചേർന്ന് എന്നേക്കും നില നിന്നു കൊള്ളും എന്നല്ല, പൗരസ്ത്യസഭാ സ്വഭാവം നിലനിർത്തി കഴിയുന്ന ഒരു സഭയായി നിലനിൽക്കും എന്നായിരുന്നു. 1665 -ൽ അന്ത്യോഖ്യയിൽ നിന്നും മാർ ഗ്രിഗോറിയോസ് അബ്ദുൾ ജലീൽ എന്ന മേൽപ്പട്ടക്കാരന്റെ സന്ദർശനം മുതൽ 1875 വരെ ഔദ്യോഗികമായ ഒരു വ്യവസ്ഥയും സ്വീകരിക്കാതെ ഈ സഭ നിലനിന്നു. എന്നാൽ സഭയിൽ രൂപമെടുത്ത നവീകരണ പ്രശ്നവും 1842 ൽ അന്ത്യോഖ്യൻ പാത്രിയർക്കീസിനാൽ മേൽപ്പെട്ടസ്ഥാനം ലഭിച്ച് എത്തിയ മാത്യൂസ് മാർ അത്താനാസിയോസ് സഭയുടെ മേൽ അവകാശം ഉന്നയിച്ചപ്പോൾ ആ പ്രസ്ഥാനത്തെ എതിർത്തവർ പാത്രിയർക്കീസിനെ പ്രീതിപ്പെടുത്തുകയും മലങ്കര സഭയെ രക്ഷിക്കുവാൻ പാത്രിയർക്കീസിന്റെ മേൽക്കോയ്മ അംഗീകരിക്കുകയും ചെയ്തു. റോയൽകോർട്ട് വിധിയിലൂടെ ഈ മേൽക്കോയ്മ നിയമപരമായി അംഗീകരിക്കപ്പെട്ടു. പാത്രിയർക്കീസിന്റെ അനധികൃതമായ കൈകടത്തലുകളും മുടക്കുകളിലൂടെയും സഭ പിളർന്നപ്പോഴും കാതോലിക്കേറ്റ് സ്ഥാപിച്ച ശേഷവും ഈ ബന്ധം നിഷേധിക്കുവാൻ മലങ്കരസഭ തയ്യാറായില്ല. 1995 ലെ സുപ്രീംകോടതി വിധിപ്രകാരം നിയമാനുസൃതം വാഴിക്കപ്പെട്ട കാതോലിക്കേറ്റ് ഇവിടെ ഉള്ളപ്പോൾ പാത്രിയർക്കീസ് ബാവാ മലങ്കരസഭാ ഭരണഘടനക്ക് ഉപരിയായി ഇടപെടുവാൻ പാടില്ലാത്തതും ഭരണഘടനാവിധേയമായും പ്രവർത്തിക്കേണ്ടതുമാണ്.

മലങ്കരസഭയുടെ ആരാധന, സംഗീതം, കൂദാശക്രമങ്ങൾ, വേദശാസ്ത്രം, വിശ്വാസാചാരങ്ങൾ, വൈദിക വേഷങ്ങൾ, കാലാകാലങ്ങളിൽ സഭക്ക് മേൽപ്പട്ടക്കാരെ അയച്ച് ആത്മീയ നിർവ്വഹണത്തിനുള്ള സഹായങ്ങൾ ചെയ്തത് തുടങ്ങി പല കാര്യങ്ങളിലും മലങ്കരസഭ അന്ത്യോഖ്യൻ സഭയോട് കടപ്പെട്ടിരിക്കുന്നു. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടുകളിൽ മലങ്കരസഭയെ വ്യവഹാരങ്ങളിലേക്ക് തള്ളിവിടുകയും ഒരേ രക്തത്തിന്റെയും പാരമ്പര്യത്തിന്റെയും അവകാശികളായ സഹോദരങ്ങളെ തമ്മിൽ വേർപിരിക്കുകയും അനുഗ്രഹീതമായ ക്രൈസ്തവ സാക്ഷ്യത്തെ മുരടിപ്പിക്കുകയും അതു തലമുറകൾക്ക് കൈമാറുകയും ചെയ്തതിന് ഉത്തരവാദി ആര് എന്ന ചോദ്യത്തിന് കാലാകാലങ്ങളിൽ അന്ത്യോഖ്യാ ഭരണത്തിലിരുന്ന പാത്രിയർക്കീസൻമാർ തന്നെ എന്നതിന് രണ്ടു പക്ഷമില്ല. ഭരണഘടന പ്രകാരം നിയന്ത്രണ വിധേയമായ ബന്ധം സ്ഥാപിക്കുവാൻ

കഴിഞ്ഞ നൂറ്റാണ്ടു കളിൽ മലങ്കരസഭയെ വ്യവഹാരങ്ങളിലേക്ക് തള്ളിവിടുകയും ഒരേ രക്തത്തിന്റെയും പാരമ്പര്യത്തിന്റെയും അവകാശികളായ സഹോദരങ്ങളെ തമ്മിൽ വേർപിരിക്കുകയും അനുഗ്രഹീതമായ ക്രൈസ്തവ സാക്ഷ്യത്തെ മുരടിപ്പിക്കുകയും അതു തലമുറകൾക്ക് കൈമാറുകയും ചെയ്തതിന് ഉത്തരവാദി ആര് എന്ന ചോദ്യത്തിന് കാലാകാലങ്ങളിൽ അന്ത്യോഖ്യാ ഭരണത്തിലിരുന്ന പാത്രിയർക്കീസൻമാർ തന്നെ എന്നതിന് രണ്ടു പക്ഷമില്ല.

ഇന്നും പാത്രിയർക്കീസ് തയ്യാറാവാത്തതിന് കാരണം എന്താണ്?

അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ മലങ്കരസഭയിൽ നടത്തുന്ന സ്വതന്ത്ര കൈകടത്തലുകളുടേയും പ്രവർത്തനങ്ങളുടേയും പിന്നിലുള്ളത് വർഗീയ ആധിപത്യ ബോധമാണ്. മലങ്കരസഭ സുറിയാനി സഭയുടെ അഭിവാജ്യ ഘടകമാണ് എന്ന് പറയുന്നെങ്കിലും അതിന് അനുസ്യൂതമായ സമീപനവും അംഗീകാരവും നൽകുന്നില്ല. പകരം വർണ്ണ - വർഗ്ഗ വ്യത്യാസം പാത്രിയർക്കീസ് ഭരണ സംവിധാനത്തിൽ മുഴച്ചു നില്ക്കുന്നു. അന്ത്യോഖ്യൻ പാത്രിയർക്കീസ് തെരഞ്ഞെടുപ്പിൽ ഇന്ത്യാക്കാരായ മെത്രാപ്പോലീത്താമാർക്ക് വോട്ടവകാശമില്ല. മലങ്കര സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ സിറിയയിലെ പ്രാദേശിക സുന്നഹദോസ് തീരുമാനങ്ങൾ എടുക്കുകയും അത് മലങ്കരയിൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. എതിർക്കുവാൻ മുതിർന്നവർക്ക് ഇന്ന് വരെ ലഭിച്ചിട്ടുള്ള മുടക്കുകൾ, ബദൽ കാതോലിക്കേറ്റ് സ്ഥാപനം, ബദൽ മെത്രാപ്പോലീത്താമാരെ വാഴിക്കൽ, പാരമ്പര്യത്തെയും വിശ്വാസത്തെയും ചോദ്യം ചെയ്യൽ, വേദവിപരീതം പഠിപ്പിക്കൽ, 1912 ലെ കാതോലിക്കേറ്റ് സ്ഥാപനത്തിലേയും 1958 ലെ സമാധാന ശ്രമത്തിലേയും ഉദ്ദേശശുദ്ധി, ഈ രാജ്യത്തെ കോടതിവിധികളുടെ നഗ്നമായ ലംഘനങ്ങൾ, മുമ്പ് സൂചിപ്പിച്ച കടപ്പാടുകൾക്കു വേണ്ടി നാം കൊടുത്ത വില ഏറെയാണ്.

അന്ത്യോഖ്യാ പാത്രിയക്കീസന്മാരുടേയും അവിടുത്തെ പ്രാദേശിക സുന്നഹദോസിന്റെയും വർഗ്ഗീയ വിവേചനവും മേലാളത്ത ഭാവവും നേരിട്ട് അനുഭവിക്കേണ്ടിവരുന്നത് സഭാ ഭരണത്തിന്റെ ഉയർന്ന തലങ്ങളിൽ ഉള്ളവർക്ക് മാത്രമാണ്. ഭൂരിപക്ഷം സാധാരണ വിശ്വാസികളേയും ഇത് ബാധിക്കാറില്ല. അതിനാൽ സഭാവിശ്വാസികൾ ഇന്നുവരെ ഒരുമിച്ച് ഈ വിദേശ ആധിപത്യത്തിനെ എതിർത്തിട്ടുമില്ല. സഭയിൽ തങ്ങളുടെ നിലനിൽപ്പിനും നേട്ടങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി അന്ത്യോഖ്യാ ഭക്തി സാധാരണ വിശ്വാസികളിൽ വളർത്തി ഈ അവസ്ഥ മുതലെടുക്കാനും ഒരു വിഭാഗം ഇന്നും മലയാളക്കരയിൽ ഉള്ളപ്പോൾ യോജിപ്പിനുള്ള ശ്രമങ്ങളിലെ ആത്മാർത്ഥത എന്തു കൊണ്ടും ചോദ്യം ചെയ്യപ്പെടാവുന്നതാണ്. മലങ്കര സഭയെ രണ്ട് പക്ഷമാക്കിയതിൽ പാത്രിയർക്കീസന്മാർ മാത്രമല്ല അതിന് വഴിയൊരുക്കിയത്. മലങ്കരയിലെ സ്വാർത്ഥ താൽപര്യക്കാർ കൂടെയാണ്.

പങ്കാളിത്വം ഇല്ലാത്ത ഒരു ബന്ധം തുടർന്നു പോരുന്നതിൽ അർത്ഥമില്ല. വ്യവഹാരങ്ങൾ തുടരുമ്പോഴും മലങ്കര ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാർ ക്ഷത്രീയ ധർമ്മം പാലിക്കുവാൻ കടപ്പെട്ടവരാണ്. സ്വന്തം മണ്ണ് സംരക്ഷിക്കുവാനും പിതാക്കന്മാർക്ക് പിന്തുണ നൽകുവാനും ഓരോ സഭാ വിശ്വാസിയും ആത്മാർത്ഥമായി തയ്യാറാവണം. ❑

കവിത

പലവഴി തേടി

അച്ചനുമമ്മയുമതിയായ് മോഹി-
ച്ചാഗംലഭാഷ പഠിപ്പിച്ചെന്നെ
ഒത്തു പിടിച്ചു പഠിച്ചു ഞാനും
പത്താം ക്ലാസ്സിൽ പാസ്സായി

പ്ലസ്സൂ അങ്ങു കഴിഞ്ഞെന്നാലെ
പലവിധ പഠനമതൊക്കുകയുള്ളു
രണ്ടാം മാർച്ചിന്നവസാനമതായ്
പ്ലസ്സൂ ക്ലാസ്സുകൾ പൂർത്തിയുമായ്

കൂട്ടം വിട്ടുക്കൂട്ടു പിരിഞ്ഞു
കൂട്ടുകാരൊക്കെ പല വഴിയായി

എഞ്ചിനീയർമാരാകേണ്ടുന്നവ-
രെൻട്രൻസ് കോഴ്സിനു ചേർന്നു പഠിച്ചു
അപ്പോത്തിക്കിരി ആകേണ്ടുന്നവ-
രതിനുടെ മാർഗ്ഗം നോക്കി പോയി

റ്റീച്ചിംഗ് ജോലിയിലഭിരുചിയുള്ളവർ
റ്റി. റ്റി. സി. യ്ക്കുമപേക്ഷ കൊടുത്തു
നേഴ്സിങ്ങ് കോഴ്സിനു ചേരാനായി
ട്ടൊട്ടധികം പേരോടി നടന്നു

എല്ലാം ഞാനും ചിന്തിച്ചിട്ടിവ
ഒന്നുമെനിക്കിഹ പറ്റിയതല്ല
കള്ളം പറയുകയല്ല ഞാനെ-
ന്നുള്ളിൽ വന്നൊരു മോഹം ചൊല്ലാം

ഡിഗ്രി ക്ലാസ്സിൽ പോയി ചേർന്നാൽ
ഡീസന്റായി നടക്കാമല്ലോ
ക്ലാസുകളനവധി 'കട്ടും' ചെയ്യാം
കണ്ടുപഠിക്കാം വേണ്ടതു പലതും

വർഷം മൂന്നാലങ്ങനെ പോയാൽ
വോട്ടുകൾ ചെയ്യാനർഹതയാകും
പാർട്ടിയിൽ ചേർന്നു നടന്നിട്ടങ്ങനെ
പത്രിയകയൊന്നു സമർപ്പിച്ചീടാം

പടവും പേരും വച്ചിട്ടൊരു നോട്ടീസ്
പാർട്ടിക്കാരു പരസ്യം ചെയ്യും
വണ്ടിയിലെന്നുടെ പേരങ്ങെഴുതും
വനിതകളെന്നെ വലയം ചെയ്യും

പയ്യെത്തിന്നാൽ പനയും തിന്നാം
പതിരില്ലാത്തൊരു പഴമൊഴിയല്ലേ
വോട്ടുകളെണ്ണി മുന്നേറുമ്പോൾ എം.എൽ. എ.
ആയ്തീരും ഞാൻ
മെല്ലെ പിന്നൊരു മന്ത്രിയുമായി തീരും ഞാൻ

– അന്നമ്മ കുറിയാക്കോസ് ചിറപ്പുറത്ത്

ജാലകം

എജ്യുസാറ്റ്: അറിവിന്റെ ഉപഗ്രഹം

സി. ആർ. ഗീവർഗീസ് ചിറപ്പുറത്ത്

കുഴിമറ്റം എൽ. പി. സ്കൂളിലെ വിദ്യാർത്ഥികൾ അവരുടെ ക്ലാസ്സ് മുറിയിലിരുന്ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്രൂ സർവ്വകലാശാലയിലെ പ്രഫ. ആർ. കെ. ജെയിനിനോടും മറ്റുള്ളവരോടും 'നേരിട്ട്' സംശയങ്ങൾ ചോദിക്കുന്നു. കുട്ടികൾക്ക് പ്രഫസറെയും പ്രഫസർക്കു കേരളിലിരിക്കുന്ന കുട്ടികളെയും സ്ക്രീനിൽ തെളിഞ്ഞു കാണാം. പ്രൊഫസർ അവർക്കു മറുപടി പറയുന്നു.

ഇത് സംഭവിച്ച കാര്യമല്ല; എന്നാൽ അസംഭവ്യവുമല്ല..... വിദൂര വിദ്യാഭ്യാസരംഗത്തു വിപ്ലവകരമായ മാറ്റങ്ങളിലേക്കു രാജ്യത്തെ നയിച്ച ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഐ. എസ്. ആർ. ഒ.) തയ്യാറാക്കിയ വിദ്യാഭ്യാസ ഉപഗ്രഹമായ 'എജ്യുസാറ്റ്' (ഇന്ത്യൻ എജ്യുക്കേഷൻ സാറ്റ്ലൈറ്റ്) പൂർണ്ണ പ്രവർത്തനക്ഷമമാകുന്നതോടെ നടപ്പാകുന്ന അനേകം കാര്യങ്ങളിൽ ഒന്നു മാത്രമാണിത്.

ഐ.എസ്.ആർ.ഒ. യുടെ 'എജ്യുസാറ്റ്' 2004 സെപ്റ്റംബർ 21-ാം തീയതി വൈകുന്നേരം 4.01 -ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് ബഹിരാകാശ വാഹനമായ ജി.എസ്.എൽ.വി.-F1 വഴി വിക്ഷേപിച്ചപ്പോൾ ഉയരങ്ങളിലേക്ക് കുതിക്കുന്നത് ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തിന്റെ അനന്ത പ്രതീക്ഷകൾ കൂടിയാണ്.

ലോകത്തിലെ തന്നെ ആദ്യത്തെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കു മാത്രമായി വിക്ഷേപിച്ച എജ്യുസാറ്റ് ഏഴു വർഷത്തെ സേവനം ലക്ഷ്യമാക്കിയാണ് വിക്ഷേപിച്ചത്. 1950 കിലോ ഭാരമുള്ള എജ്യൂസാറ്റാണ് ഐ. എസ്. ആർ. ഒ. യുടെ ഏറ്റവും ഭാരമേറിയ വിക്ഷേപിച്ച ഉപഗ്രഹം. ഭൗമതലത്തിൽ നിന്നും 3600 കിലോ മീറ്റർ ഉയരത്തിലാണ് എജ്യുസാറ്റിന്റെ സ്ഥാനം. ഇൻസാറ്റ് 3c, കൽപന-1 തുടങ്ങിയവയും ഇതേ ഉയരത്തിലാണ്.

ഇന്ത്യാ മഹാരാജ്യത്തിന്റെ ഓരോ മുക്കിലും മൂലയിലും വരെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുറഞ്ഞ നിരക്കിൽ എത്തിക്കുകയാണ് ബഹിരാകാശ ഗവേഷണ സംഘടനയുടെ 'ബഹിരാകാശ വിദ്യാഭ്യാസ പദ്ധതി'യുടെ ലക്ഷ്യമെന്ന് ഇന്ത്യൻ പ്രസിഡന്റായ കലാം പരാമർശിച്ചു.

ഏജ്യുസാറ്റ് അതിന്റെ നിർണ്ണായകമായ പരീക്ഷണ കാലഘട്ടങ്ങളിൽ നിന്ന് അന്തിമ രൂപം പ്രാപിക്കുമ്പോൾ ഐ. എസ്. ആർ. ഒ. യുടെ അമരത്തിരിക്കുന്നതു മലയാളിയാണെന്നതാണ് കേരളീയർക്കെല്ലാം അഭിമാനകരമായ കാര്യം. ഐ. എസ്. ആർ. ഒ യുടെ ചെയർമാൻ മലയാളിയായ ജി. മാധവൻ നായരാണ്. ❑

ദുഃഖവെള്ളിയാഴ്ചയും....

(രണ്ടാം പേജിൽ നിന്നും തുടർച്ച)

വർഷം മാർച്ച് 23നാണ് ഈസ്റ്റർ. 1953ൽ ബാവാ കക്ഷിയുടെ വചനിപ്പുപെരുന്നാൾ (മാർച്ച് 25) വലിയനോമ്പിൽ വന്നപ്പോൾ മെത്രാൻ കക്ഷിയുടേത് (ഏപ്രിൽ 7) വന്നില്ല. ഇരു കക്ഷികളും ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ച തീയതികളാണ് ഈ വ്യത്യാസത്തിനു കാരണമായത്. അക്കൊല്ലം ഇരുകൂട്ടരും ഉയർപ്പുപെരുന്നാൾ ഒരേ ദിവസമാണ് (ഏപ്രിൽ 5) ആഘോഷിച്ചത്.

1912 ൽ ഈ പെരുന്നാളും ഈസ്റ്ററും ഒരുമിച്ചു വന്നിട്ടുണ്ട്. 2035, 2046, 2103 എന്നീ വർഷങ്ങളിലും ഇങ്ങനെ വരും. വചനിപ്പു പെരുന്നാളും ദുഃഖശനിയാഴ്ചയും 1923, 1934, 1967, 1978, 1989 എന്നീ വർഷങ്ങളിൽ ഒരുമിച്ചു വന്നു. 2062, 2073, 2084, 2119 എന്നീ വർഷങ്ങളിലും ഇത് ആവർത്തിക്കും. 2027, 2032, 2100 എന്നീ വർഷങ്ങളിൽ വചനിപ്പു പെരുന്നാളും പെസഹാവ്യാഴാഴ്ചയും ഒരുമിച്ചു വരും. 1882, 1893, 1904 എന്നീ വർഷങ്ങളിൽ ഇങ്ങനെ വന്നിട്ടുണ്ട്.

1879, 1890, 1901, 1956, 2018, 2029, 2040, 2108 എന്നിവ വചനിപ്പു പെരുന്നാളും ഓശാനാ ഞായറാഴ്ചയും ഒരുമിച്ചു വരുന്ന വർഷങ്ങൾക്ക് ഉദാഹരണങ്ങളാണ്. 20, 21 നൂറ്റാണ്ടുകളിലെ 200 വർഷങ്ങൾക്കിടയിൽ 24 പ്രാവശ്യം വചനിപ്പു പെരുന്നാൾ ഹാശാവാരത്തിലെ മറ്റു ദിവസങ്ങളിൽ (തിങ്കൾ, ചൊവ്വാ, ബുധൻ) വരുന്നുണ്ട്. ❑

മഞ്ഞു പൊഴിയുന്ന വസന്തരാവിൽ.....
വിശുദ്ധിയുടെ പൂന്നിലാവായി.....
ആർത്തിരമ്പുന്ന തിരമാലകൾ പോലെ.....
ഹൃദയ സ്പന്ദനം തൊട്ടറിയുന്ന ഒരു കലാവിരുന്ന്.....

ജോർജിയൻ കലാ സാഹിത്യവേദി നിങ്ങൾക്കായി ഒരുക്കുന്നു

ഹെവൻലി നൈറ്റ് 2004

ക്രിസ്തുമസ് പുതുവത്സര പരിപാടി

2004 ഡിസംബർ 26 ഞായർ വൈകീട്ട് 6.30 മുതൽ
കുഴിമറ്റം പള്ളി പാരിഷ്ഹാളിൽ

ചെറുകഥ

ആദ്യ കാഴ്ച

ജേക്കബ് സി. കെ. ചിറപ്പുറത്ത്

പ്രഭാത സൂര്യന്റെ കിരണങ്ങൾ മുഖത്തേക്ക് ആഞ്ഞു പതിച്ചപ്പോൾ സകല ഈശ്വരന്മാരോടും കലശലായ ദേഷ്യം തോന്നി. എപ്പഴും ഉറക്കത്തെലാണെങ്കിൽ എന്തായിരുന്നു സുഖം. ഈ ചിന്തയിൽ നിന്നുമുണർന്നു കണ്ണുതുറുന്നു നോക്കിയപ്പോൾ പടിപ്പുരയിൽ മുഷിഞ്ഞു നാറിയ വസ്ത്രങ്ങളുമായി ഒരു താടിക്കാരൻ. ഉറക്കത്തിൽ നിന്നുണർന്ന കണ്ണിനു കുളിർമ്മയുള്ള കാഴ്ചകൾ കാണണമെന്ന് നിർബന്ധമുള്ള എന്റെ ആദ്യകാഴ്ച ഇതായിപ്പോയതിൽ സകലതിനേയും ശപിച്ച് 'ഈ നാശത്തിനെയൊക്കെ ആരാണ് ഇവിടെ നിർത്തിയത്' എന്ന് ആരോടെന്നില്ലാതെ ഉറക്കെ ചോദിച്ചു. ഞാൻ പറഞ്ഞത് പടിപ്പുരയിൽ നിൽക്കുന്ന താടിക്കാരൻ കേട്ടെന്ന് തോന്നി.

അയാൾ എന്തെല്ലാമോ എന്നെ നോക്കി പിറുപിറുത്തു. വല്ലതും തരണേ (എല്ലാ തെണ്ടക്കാരും ഉരുവിടുന്ന അതേ വാചകം). അമ്മ അകത്ത് നാണയത്തുട്ടുകൾക്കായി പരതുകയാണ്. ഇവിടെ ഒരു പൈസ വച്ചാൽ കാണുകയില്ല. എല്ലാം എടുത്തു കൊണ്ടു പോകും. നിന്റെ കയ്യിൽ വല്ലതുമിരി പ്പുണ്ടോ?

അമ്മയുടെ ചോദ്യം കേട്ടെങ്കിലും കേട്ടതായി നടിച്ചില്ല. "ചില സമയത്ത് ഇവിടെ ഉള്ളതിനൊന്നും ചെവി കേൾക്കില്ല. അതങ്ങനാ സൂര്യനുദിച്ചാലും എഴുന്നേൽക്കുകയില്ലല്ലോ. എടാ, നിന്റെ കൈയ്യിൽ ചില്ലറ വല്ലതുമുണ്ടോ" വീണ്ടും ചോദ്യമാവർത്തിച്ചു.

'ഇല്ല. ഞാനിവിടെ വണ്ടിക്കൂലിയില്ലാതെ ദാരിദ്ര്യമനുഭവിക്കുകാ.' എന്തായാലും അമ്മ പടിപ്പുര യിലേക്ക് പോകുന്നതു കണ്ടു. ഇവിടെ ഇത്രേയുള്ളൂ എന്നു പറഞ്ഞു കൊണ്ട് അയാളുടെ കൈയിലേക്ക് നാണയത്തുട്ടുകൾ ഇടുന്നതു കണ്ടു.

അയാൾ വീണ്ടും അവിടെ നിൽക്കുകയാണ്. "അമ്മാ കീറിയ ഉടുപ്പുകൾ വല്ലതുമുണ്ടോ?"

"ഒന്നുമില്ല, കീറിയ ഉടുപ്പുകൾ തുന്നി അവൻ ഇട്ടുകൊണ്ട് നടക്കുകയാണ്."

ഇതുകേട്ടു ഞാൻ ഞെട്ടി. ഇന്നലെ ഒരണ്ണത്തിന്റെ ബട്ടൺ പൊട്ടി എന്ന കാരണത്താൽ കീറത്തുണികൾ നിക്ഷേപിക്കുന്ന പെട്ടിയുടെ അടിയിൽ താഴ്ത്തിയതാണ്.

തിരിഞ്ഞ് നടക്കാനിറങ്ങിയ അമ്മയെ അയാൾ തിരികെ വിളിച്ചു. അയാളുടെ കൈയിൽ കൊടുത്ത നാണയത്തുട്ട് അമ്മയുടെ കൈയിലേക്ക് ഇട്ടു കൊടുത്ത് അയാൾ പറഞ്ഞു. "എന്നേക്കാൾ ദാരിദ്ര്യമായ അമ്മയുടെ കൈയിൽ നിന്നും ഈ പണം വാങ്ങുന്ന ഞാനൊരു ദരിദ്രവാസിയായി പോകുമല്ലോ. ഇത് ഇവിടെ ഇരുന്നോട്ടെ."

മറ്റ് എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അയാൾ പടിപ്പുര കടന്ന് പുറത്തേക്ക് പോയി. അമ്മ സ്തബ്ധയായി നിൽക്കുകയാണ്.

ഈ കാഴ്ച കണ്ട് കട്ടിളപടിയിൽ നിന്നു ഞാൻ ചിരിച്ച് ചിരിച്ച് മുറ്റത്തേക്ക് വീഴുവാനൊരുങ്ങി. അമ്മയുടെ മുഖം കോപം കൊണ്ടു വിങ്ങി.

'അവന്റെ അഹങ്കാരം' എന്നു പറഞ്ഞ് നാണയത്തുട്ടുകൾ അമ്മ മുറ്റത്തേക്ക് വലിച്ചെറിഞ്ഞ് അടുക്കള വാതിൽക്കലേക്ക് പോയി. ചിതറിക്കിടക്കുന്ന നാണയത്തുട്ടുകൾ ഞാനെടുത്തു. അവന് വേണ്ടെങ്കിൽ എനിക്കിരിക്കട്ടെ, പൈസയ്ക്ക് എന്തെല്ലാം ആവശ്യങ്ങളുള്ളതാ.

പുതിയ ഒരു പടം ഇറങ്ങിയിട്ടുണ്ട്. അതൊന്നു കാണണം. അയലത്തെ ബാബു നിർബന്ധിച്ചതാണ്. തപ്പിപെറുക്കിയെടുത്തതുകൊണ്ട് പോകാൻ തികയുമായിരുന്നില്ല. ഇതു കൊണ്ട് എന്തായാലും ആ ആഗ്രഹമങ്ങ് സാധിക്കും.

പടം കണ്ടവർ പറഞ്ഞ കഥയുടെ സ്വപ്നസാക്ഷാൽക്കാരത്തിൽ മുങ്ങിത്താണു ഞാൻ കിടപ്പറയിലേക്ക് വീണ്ടും നടന്നു.

പുറകേ വന്ന് അമ്മ ചോദിച്ചു. "ആ മുറ്റത്തു കിടന്ന പൈസ നീ എടുത്തോ?"

"ഞാനെടുത്തു." "ആ പൈസ ഇങ്ങു തന്നേ, എന്റെ കൈയിൽ ആകെ ഉണ്ടായിരുന്ന ചില്ലറയാ."

മറുപടി പറയുന്നതിനു മുൻപ് കൈയിൽ നിന്നും ആ പണം അമ്മ വാങ്ങി അടുക്കളയിലേക്ക് പോയി. നെടുവീർപ്പോടു കൂടി നിന്നു ഞാൻ.

വീണ്ടും ഒരുത്തൻ പടിപ്പുരയിൽ നിൽക്കുന്നതു കണ്ടു. "എന്താ" ഞാൻ ദേഷ്യത്തോടെ ചോദിച്ചു. "അകത്ത് ആളുണ്ടോ."

"ഉണ്ടെങ്കിൽ." "ഇങ്ങ് വിളിക്ക്." എനിക്ക് അസലായി ദേഷ്യം വന്നു. ഞാൻ അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചുപറഞ്ഞു.

"ദാ വാതിൽക്കൽ പുതിയൊരുത്തൻ. ഇവൻ പുതിയതരം തെണ്ടൽകാരൻ." ഇതു പറഞ്ഞ് വീണ്ടും കട്ടിലിലേക്ക് വീണു. ❑

ലേഖനം

പുതുക്കിപ്പണിയുക

പി. ജെ. കുര്യൻ പുഷ്പശേരിൽ

നമ്മുടെ അറിവ് എന്നും അപൂർണ്ണമാണ്. സ്വന്ത അനുഭവങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും കൂടാതെ മറ്റുള്ളവരിൽ നിന്നും നാം മനസിലാക്കുന്ന നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതാണ്. അതിന് ഒന്നാമതായി വേണ്ടത് നമ്മേത്തന്നെ വിലയിരുത്തുകയാണ്. വിലയിരുത്തി അഹങ്കരിക്കാനോ ലജ്ജിക്കാനോ അല്ല, അതിലൂടെ വേണ്ട മാറ്റങ്ങൾ വരുത്തി ജീവിത വിജയം നേടാനാണ്. സ്വയം നല്ലതെന്ന് വിലയിരുത്താൻ സാധിക്കുന്നവർക്ക് നല്ല ഫലങ്ങൾ പുറപ്പെടുവിക്കാനാവും എന്ന് ഒരു മഹാൻ എഴുതിയത് ഓർക്കുന്നു.

സ്നേഹം ഇങ്ങോട്ട് കിട്ടാത്തപ്പോൾ നാം വിഷമിക്കാറുണ്ടെങ്കിലും മറ്റുള്ളവർക്ക് നാം കൊടുക്കുന്നുണ്ടോ എന്ന് ആലോചിക്കുക. കൊടുത്താൽ അതിലധികമായി തിരികെ കിട്ടുന്നതാണ് സ്നേഹം. നമ്മുടെ സാന്നിദ്ധ്യവും വാക്കുകളും പ്രവൃത്തികളും മറ്റുള്ളവർക്ക് അനുഗ്രഹമാകട്ടെ. നമ്മോടും മറ്റുള്ളവരോടും ദൈവത്തോടും ആത്മാർത്ഥത പുലർത്താൻ ശ്രമിക്കുക. നാം യഥാർത്ഥത്തിൽ ആരെന്ന് ദൈവത്തിനറിയാം. അവൻ നമ്മുടെ മനോവിചാരങ്ങളെപ്പോലും അറിയുന്നവനാണ്.

ചിലപ്പോഴൊക്കെ മൗനമായിരിക്കുവാൻ ശീലിക്കുക. അത് മനസ്സിന് ബലവും ഗുരുത്വവും നല്കുന്നതു കൂടാതെ ശരീരത്തിന് ഔഷധ സമാനമായ വിശ്രമവും നൽകും. ചിലപ്പോൾ ദേഷ്യപ്പെട്ടു വരുന്ന ഒരാളെ ശാന്തനാക്കാൻ പോലും സഹായിക്കും. കളിയായിട്ടു പോലും അസത്യവചനങ്ങൾ നമ്മിൽ നിന്നും വരാതിരിക്കട്ടെ.

ഇതു നടപ്പാക്കിയെടുക്കുവാൻ വർഷങ്ങളായി നമ്മിൽ അടിഞ്ഞു കൂടിയിരിക്കുന്ന വൈകൃതങ്ങൾ വേരോടെ പിഴുതു കളയേണ്ടി വരും. അതു മുറിച്ചു മാറ്റുന്നതിന്റെ അല്പം വേദന ഉണ്ടായെന്നു വരാം. വാശിയും സ്വാർദ്ധതയും അഹങ്കാരവും മാറിക്കിട്ടിയാൽ നമ്മുടെ പലപ്പോഴുമുള്ള ഏകാന്തതയും മാറിക്കിട്ടും. ഒരിക്കൽ മാറ്റിയവ വീണ്ടും നമ്മിൽ വന്ന് അടിഞ്ഞു കൂടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. എല്ലാവർക്കും മനഃസമാധാനവും സന്തോഷവും ദൈവസാമീപ്യവും ഈ പുതുക്കിപ്പണിയിലൂടെ ലഭ്യമാവട്ടെ. ❑

കവിത

സമർപ്പണം

കണ്ണില്ലാത്തോർക്ക് കണ്ണായ് വിളങ്ങുന്ന
കാരുണ്യവാനാം കാവൽ വിളക്കേ
കാതില്ലാത്തോർക്ക് കാതായ് വർത്തിക്കും
കർത്താധികർത്താവാം വരദായകാ
പിഞ്ചുപൈതങ്ങളാം ഞങ്ങൾ നിന്റെ
പാദപീഠത്തിങ്കൽ പൂക്കളായ് വിടരേണമേ
ഞങ്ങൾ തൻ.....
മനസ്സെന്ന മാണിക്യ ചിപ്പിയിൽ നീയെന്നും
മധുവായ് ; മലരായ് തീരേണമേ
പൂക്കൾ നിവേദിക്കാം നിനക്കായ്
പൂമെത്തയാക്കാം ഹൃദയങ്ങളെ.
ഞങ്ങളെ നിൻ.....
ആഗമനത്താൽ ധന്യരാക്കിത്തീർത്ത്
ആഹ്ലാദത്താൽ നീ നിറയ്ക്കേണമേ
നിൻ സർവ്വസൃഷ്ടിയിലും ഞങ്ങൾ
നിൻ നാമത്തിൻ സൗരഭ്യം പരത്തിടട്ടെ.

– രശ്മി എലിസബത്ത് ജോർജ്ജ്,
കുന്നംകരവല്യത്തിൽ

വാർത്തകൾ

സൺഡേ സ്കൂൾ കോട്ടയം ഭദ്രാസന കലാമത്സരം ലിജിയ, അഞ്ജലി, ഷാനു, ഗീതു എന്നിവർക്കു സമ്മാനം

കോട്ടയം : ഭദ്രാസന സൺഡേ സ്കൂൾ കലാമത്സരത്തിൽ കുഴിമറ്റം സെന്റ് ജോർജ് സൺഡേ സ്കൂളിലെ അഞ്ജലി ആൻ ഏബ്രഹാം, ഷാനു അന്ന ഷാജി, ഗീതു തോമസ്, ലിജിയ എൽസ കുര്യാക്കോസ് എന്നിവർ വിജയികളായി.

അഞ്ജലിക്ക് സിംഗിൾ സോംഗിന് രണ്ടാം സ്ഥാനവും, അഞ്ജലി, ഷാനു, ഗീതു, എന്നിവർക്ക് ഗ്രൂപ്പ് സോംഗിന് ഒന്നാം സ്ഥാനവും ലിജിയയ്ക്ക് വേദവാക്യത്തിന് രണ്ടാം സ്ഥാനവും ലഭിച്ചു. സൺഡേ സ്കൂൾ ഡിസ്ട്രിക്റ്റ്, ഭദ്രാസന കലാമത്സര വിജയികളെ യുവജന പ്രസ്ഥാനം യോഗം അനുമോദിച്ചു. ഇതിൽ അഞ്ജലി, ലിജിയ എന്നിവർ സോണൽ മത്സരത്തിലും വിജയികളായി.

ഇടവകയിൽ വിപുലമായ യുവജനവാരാഘോഷം

കുഴിമറ്റം: സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 21 മുതൽ 23 വരെ യുവജനവാരമായി ആഘോഷിച്ചു. യൂണിറ്റ് പ്രസിഡന്റ് ഫാ. ജയ് സഖറിയായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വാരാഘോഷം യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന ജോ. സെക്രട്ടറി രഞ്ജു കെ. മാത്യൂ ഉദ്ഘാടനം ചെയ്തു.

കലാകായികമത്സരം, ഭവനസന്ദർശനം, ചർച്ച, പ്രാർത്ഥനാ യോഗം, വേദപഠന ക്ലാസ്സ്, വിനോദ മേള, ക്വിസ് മത്സരം, ശുചീകരണ പരിപാടി, ബഥനി ആശ്രമ സന്ദർശനം, ഇംഗ്ലീഷ്, മലയാളം, ഗ്രാമർ പഠന ക്ലാസ്സ്, വസ്ത്രശേഖരണം, യുവജനദിനാഘോഷം എന്നിവ തുടർന്നുള്ള ദിവസങ്ങളിൽ നടന്നു. ജിബു ബാബു കൺവീനറായി പ്രവർത്തിച്ചു.

ഡിസ്ട്രിക്റ്റ് യൂത്ത്ഫെസ്റ്റ് വിജയികൾ

വെള്ളുത്തുരുത്തി: ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പള്ളം ഡിസ്ട്രിക്റ്റ് കലാസാഹിത്യ മത്സരത്തിൽ കുഴിമറ്റം സെന്റ് ജോർജ്ജ് യൂണിറ്റിൽ നിന്ന് താഴെ പറയുന്നവർ സമ്മാനർഹരായി. ജോർജ്ജ് മാത്യു (പ്രസംഗം ഒന്നാംസ്ഥാനം, വാട്ടർകളറിംഗ് ഒന്നാം സ്ഥാനം), രഞ്ജിത്ത് മാത്യു (കഥാരചന മൂന്നാം സ്ഥാനം, കവിതാരചന, 1-ാം സ്ഥാനം) ജിഷി അലക്സ് (പെൻസിൽ ഡ്രോയിംഗ് ഒന്നാം സ്ഥാനം, ഉപന്യാസം രണ്ടാം സ്ഥാനം) ജോൺസൺ പി. ഏബ്രഹാം (സിംഗിൾ സോംഗ് മൂന്നാം സ്ഥാനം, ഗ്രൂപ്പ് സോംഗ് മൂന്നാം സ്ഥാനം, ഉപകരണ സംഗീതം മൂന്നാം സ്ഥാനം) സാജൻ വർഗീസ് (ഗ്രൂപ്പ് സോംഗ് മൂന്നാം സ്ഥാനം), ടിന്റു തോമസ് (ഗ്രൂപ്പ് സോംഗ് മൂന്നാം സ്ഥാനം) നമ്മുടെ യൂണിറ്റിന് 31 പോയിന്റ് ലഭിച്ചു. വിജയികളെ യുവജനപ്രസ്ഥാനം യോഗം അനുമോദിച്ചു.

സ്വാതന്ത്ര്യദിനാഘോഷം

കുഴിമറ്റം: യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഫാ. ജയ് സഖറിയ പള്ളിമുറ്റത്ത് ദേശീയപതാക ഉയർത്തി. തുടർന്ന് ഇടവകാംഗങ്ങൾ സ്വതന്ത്ര്യദിന പ്രതിജ്ഞ എടുത്തു.

നിറക്കൂട്ട് – 2004

കുഴിമറ്റം: യുവജനപ്രസ്ഥാനം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് 'നിറക്കൂട്ട് 2004' ചിത്രരചനാ മത്സരം നടത്തി. അഞ്ച് ഗ്രൂപ്പായി തിരിച്ച് നടത്തിയ മത്സരത്തിൽ 30 – ൽ അധികം സ്കൂളിൽ നിന്ന് 244 കുട്ടികൾ പങ്കെടുത്തു. ഏറ്റവും കൂടുതൽ പോയിന്റ് നേടി എണ്ണശ്ശേരിൽ എരുമത്താനം മോഹൻ ജോർജ്ജ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് പട്ടശ്ശേരിൽ വാഴച്ചിറ വി. യു. ജോൺ മെമ്മോറിയൽ എവറോളിംഗ് ട്രോഫിയും മണിപ്പുഴ ബെൽമൗണ്ട് സ്കൂൾ കരസ്ഥമാക്കി. അജി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് വിജയികൾക്ക് സർട്ടിഫിക്കറ്റും ഫീൽഡും വിതരണം ചെയ്തു. ജോസഫ് എം. പുതുശേരി എം. എൻ. എ. മുഖ്യപ്രഭാഷണം നടത്തി.

പിതൃപ്രണാമനിശ

കുഴിമറ്റം: സെപ്റ്റംബർ 18 യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പിതൃപ്രണാമനിശയായി ആചരിച്ചു. റവ. ഡോ. കെ. ജെ. ഗബ്രിയേൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പള്ളിമുറ്റം ദീപങ്ങൾ കൊണ്ട് അലങ്കരിച്ചത് ഏവരെയും ആകർഷിച്ചു. റമ്പാൻ സ്ഥാനലബ്ധിയിൽ യുവജനപ്രസ്ഥാനത്തിന്റെ അനുമോദനം അറിയിച്ചു കൊണ്ടുള്ള മനോഹരമായ പ്രശംസാപത്രം ഫാ. ജയ് സഖറിയ റമ്പാന് സമ്മാനിച്ചു.

യുവജനപ്രസ്ഥാനാംഗങ്ങൾ നിയുക്ത മെത്രാനും മുൻ വികാരിയുമായ കെ. ജെ. ഗബ്രിയേൽ റമ്പാൻ, ഫാ. ജയ് സഖറിയ എന്നിവർക്കൊപ്പം

നവദമ്പതികൾക്ക് ആശംസകൾ

സജി സ്കറിയായും (കരോട്ട് പുത്തൻപുരയ്ക്കൽ) ആൻസിയും

അഭിലാഷ് പി. ഏലിയാസും (പട്ടശ്ശേരിൽ) സുനിയും

സുനിൽ റ്റി. തോമസും (തെക്കേമറ്റം) ബിൻസിയും



ബിജോയിയും (ചിറപ്പുറത്ത്) ആൻ സീമയും

ജിനു സ്കറിയായും (കൊച്ചുപറമ്പിൽ) ബബിൽ ബിനോയും

Printed and Published by Fr. Jai Zachariah, President St. George Youth Movement, Kuzhimattom. Editor: Renju K. Mathew Karot puthenpurackal, Kuzhimattom P. O., Kottayam
Printed at Sophia Print House, Azad Lane, Kottayam, Ph: 2303237, 98474 98303